I ഇ.ബി. XIV - കേരള നിയമസഭ/XV-5

## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 ജൂൺ 11, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

കൊലപാതകശ്രമം

മി. സ്പീക്കർ: വടകര ലോക്സഭാ മണ്ഡലത്തിൽ സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിച്ച സി.ഒ.ടി. നസീറിനെ ഒരു കൂട്ടം ആളുകൾ സംഘം ചേർന്ന് കൊലപ്പെടുത്താൻ ശ്രമിച്ച കേസ്സിൽ അന്വേഷണം അട്ടിമറിക്കാനും അക്രമികളെ രക്ഷിക്കാൻ പോലീസ് ബോധപൂർവ്വം ശ്രമിക്കുന്നതുമൂലവും ഉളവായതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പാറക്കൽ അബ്ദുല്ല, കെ. സി. ജോസഫ്, അനൂപ് ജേക്കബ്, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 2019 മേയ് 18-ന് വൈകുന്നേരമാണ് കണ്ടാലറിയാവുന്ന മൂന്നുപേർ സി.ഒ.ടി. നസീറിനെ വാഹനം തടഞ്ഞുനിർത്തി ആക്രമിച്ച് ഗുരുതരമായി പരിക്കേൽപ്പിച്ചത്. ടിയാന്റെ മൊഴിപ്രകാരം തലശ്ശേരി പോലീസ് സ്റ്റേഷനിൽ വിവിധ വകുപ്പുകൾ ചേർത്ത് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. തലശ്ശേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കീഴടങ്ങിയ ഒന്നും രണ്ടും പ്രതികളെ പോലീസ് കസ്റ്റഡിയിൽ വാങ്ങി അന്വേഷണം തുടരുകയാണ്. കൂടാതെ, വിപിൻ, ജിതേഷ്, മൊയ്തീൻ എന്നിവർ തലശ്ശേരി കോടതിയിൽ മുൻകൂർ ജാമ്യത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പരിക്കേറ്റ നസീറിന്റെ മൊഴി ക്രിമിനൽ നടപടിക്രമമനുസരിച്ച് മൂന്ന് തവണ അന്വേഷണ ഉദ്യോഗസ്ഥൻ നേരിട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ സംഘത്തെ മാറ്റിയിട്ടില്ല. കേസന്വേഷണം ഫലപ്രദമായി നടക്കുകയാണ്.

ശ്രീ. പാറക്കൽ അബ്ദുല്ല: വടകര ലോക്സഭാ മണ്ഡലത്തിൽ സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിച്ച സി.ഒ.ടി. നസീറിനെ ഒരു കൂട്ടം ആളുകൾ സംഘം ചേർന്ന് വെട്ടിയും കുത്തിയും കൊലപ്പെടുത്താൻ ശ്രമിക്കുകയുണ്ടായി.

സി.പി.ഐ.(എം.)/ഡി.വൈ.എഫ്.ഐ. പ്രാദേശിക നേതാക്കളാണെന്നാണ് ടിയാൻ പോലീസിന് നൽകിയിട്ടുള്ള മൊഴി. കൊലപാതക രാഷ്ട്രീയത്തിന്റെ തുടർച്ചയാണിതെന്നാണ് വടകര-തലശ്ശേരി ഭാഗങ്ങളിലെ സി.സി.ടി.വി. ദൃശ്യങ്ങൾ സൂചിപ്പിക്കുന്നത്. രാഷ്ട്രീയ എതിരാളികളെ തെരഞ്ഞുപിടിച്ച് വകവരുത്തുന്ന അതിക്രൂരവും മനുഷ്യത്വരഹിതവുമായ അക്രമസംഭവങ്ങൾ പ്രദേശത്ത് തുടരുകയാണ്. സ്വതന്ത്രമായ രാഷ്ട്രീയ പ്രവർത്തനവും പൊതുപ്രവർത്തനവും സംസ്ഥാനത്ത് അസാദ്ധ്യമായിരിക്കുകയാണ്. പോലീസിൽനിന്നും ഭരണസംവിധാനത്തിൽനിന്നും ജീവനും സ്വത്തിനും സംരക്ഷണം ലഭിക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. അതീവ ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സി.ഒ.ടി. നസീർ അക്രമിക്കപ്പെട്ടു എന്നത് വസ്തുതയാണ്. പോലീസ് അതുസംബന്ധിച്ച് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. അക്രമികൾ ആരായാലും അവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കും. പ്രതികളെ പോലീസ് ശാസ്ത്രീയമായ അന്വേഷണത്തിലൂടെ കണ്ടെത്തി അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ സംഭവത്തിൽ ഇനിയും ആരെങ്കിലും ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരെയും കണ്ടെത്തുന്നതാണ്. തലശ്ശേരി, വടകര, നാദാപുരം, കുറ്റ്യാടി, കതിരൂർ പ്രദേശങ്ങളിലെ ജനങ്ങൾ സൗഹാർദ്ദപരമായും സാഹോദര്യത്തിലും ജീവിക്കുന്ന സാഹചര്യത്തിൽ

വസ്തുതയ്ക്ക് വിരുദ്ധമായ ചിത്രം വരച്ചുകാട്ടാൻ പ്രതിപക്ഷം ശ്രമിച്ചത് ദൗർഭാഗ്യകരമാണ്. ജനങ്ങൾക്ക് അവരവരുടേതായ അവകാശത്തോടെ ജീവിക്കാനുള്ള സൗകര്യമൊരുക്കുക എന്നതാണ് ലക്ഷ്യം. രാഷ്ട്രീയ ലക്ഷ്യത്തോടെ ഉന്നയിച്ച ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധ ക്ഷണിക്കൽ

### (1) മാലിന്യ സംസ്കരണം

ശ്രീ. ജോൺ ഫെർണാണ്ടസ്: സംസ്ഥാനത്ത് ഗ്രാമ-നഗര പ്രദേശങ്ങളിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ശാസ്ത്രീയ സംവിധാനത്തിലൂടെ ജലസ്രോതസ്സുകളെ മാലിന്യ വിമുക്തമാക്കുകയും ചെയ്യുന്നതിന്

നടപടി സ്വീകരിക്കണം. മാലിന്യം വികേന്ദ്രീകരിച്ച് ഉറവിടത്തിൽത്തന്നെ സംസ്കരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. കൊച്ചി നഗരസഭയുടെ അനാസ്ഥ ഒഴിവാക്കി ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യങ്ങളുടെ 45 ശതമാനം ശാസ്ത്രീയ സംവിധാനങ്ങളോടുകൂടിയ ഗാർഹികതല കമ്പോസ്റ്റിംഗ്/ ബയോമെഥനേഷൻ യൂണിറ്റുകൾ വഴിയും ബാക്കിയുള്ളവ കുഴി കമ്പോസ്റ്റിംഗ് രീതിയിലും സംസ്കരിക്കപ്പെടുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ 522 അജൈവ മാലിന്യ സംഭരണ കേന്ദ്രങ്ങളുടെ (എം.സി.എഫ്.) നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 174 എം.സി.എഫ്-കളുടെ നിർമ്മാണം നടന്നുവരുന്നു. ബ്രഹ്മപുരത്ത് മാലിന്യ പ്ലാന്റ് നിർമ്മിക്കുന്നതിന് ജി.ജെ. എംപവർ പ്രൈവറ്റ് ലിമിറ്റഡുമായി കോർപ്പറേഷൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. എൻവയോൺമെന്റൽ ക്ലിയറൻസ്, ബിൽഡിംഗ് പെർമിറ്റ് എന്നിവ ലഭ്യമാകുന്നമുറയ്ക്ക് പ്ലാന്റ് നിർമ്മാണം ആരംഭിക്കുന്നതാണ്. സംസ്ഥാനത്ത് 7 കേന്ദ്രങ്ങളിൽ അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് 5 മെഗാവാട്ട് വരെ വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്ന വേസ്റ്റ് ടു എനർജി പ്ലാന്റുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്; പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ പദ്ധതി നടത്തിപ്പ്

കെ.എസ്.ഐ.ഡി.സി.-യെ ഏൽപ്പിച്ചിരിക്കുകയാണ്. കണ്ണൂർ, കൊല്ലം, പാലക്കാട് ജില്ലകളിൽ റീ-ടെൻഡർ നടപടിയും മറ്റ് സ്ഥലങ്ങളിൽ ടെൻഡർ നടപടിയും പുരോഗമിക്കുകയാണ്. ബ്രഹ്മപുരത്തെ നിയുക്ത പ്ലാന്റിന്റെ പണി പൂർത്തിയായാൽ കൊച്ചിയിലെ മാലിന്യസംസ്കരണത്തിന് പ്രശ്നപരിഹാരമാകും. ഈ വിഷയം ചർച്ച ചെയ്യാൻ ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട മുനിസിപ്പൽ/കോർപ്പറേഷൻ അധികൃതരുടെയും യോഗം വിളിച്ചുചേർക്കുന്നതാണ്.

(2) തീരദേശവാസികളുടെ സുരക്ഷിതത്വം

ശ്രീ. വി. എസ്. ശിവകുമാർ: കടലാക്രമണത്തിൽ വിവിധ ജില്ലകളിലുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകാനും കടൽഭിത്തിയില്ലാത്ത പ്രദേശങ്ങളിൽ അവ നിർമ്മിക്കാനും ശംഖുംമുഖം റോഡ് പുനർനിർമ്മിക്കാനും ക്വാറി ഉടമകളുമായി ചർച്ച ചെയ്ത് കടൽഭിത്തി കെട്ടുന്നതിനാവശ്യമായ കരിങ്കൽ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. കടലാക്രമണകാലത്തെ പുനരധിവാസത്തിന് സ്ഥിരം സംവിധാനമുണ്ടാക്കാനും മത്സ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ അനുവദിക്കാനും നടപടിയുണ്ടാകണം. തീരദേശവാസികളുടെ സുരക്ഷിതത്വത്തിനും സംരക്ഷണത്തിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി വിവിധ വകുപ്പുകളുടെ യോഗം വിളിച്ചുചേർക്കണം. തിരുവനന്തപുരം പേട്ടയിൽ ഇലക്ട്രിസിറ്റി ലൈൻ പൊട്ടിവീണ് മരിച്ചവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപ വീതം

നഷ്ടപരിഹാരം നൽകണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കടലാക്രമണംമൂലമുള്ള നാശനഷ്ടങ്ങൾക്ക് കേന്ദ്രമാനദണ്ഡങ്ങൾക്ക് വിധേയമായി ദുരിതാശ്വാസം അനുവദിക്കുന്നതാണ്. ദുരന്തസാഹചര്യം നേരിടുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. മറൈൻ ജില്ലകളിലും ഫിഷറീസ് സ്റ്റേഷനുകളിലും കൺട്രോൾ റൂമുകൾ പ്രവർത്തനം ആരംഭിക്കുകയും 20 റെസ്ക്യൂ ബോട്ടുകളും 80 സീ റെസ്ക്യൂ ഗാർഡുകളെയും അധികമായി സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. 'നാവിക്, ജി.പി.എസ്., ലൈഫ് ബോയ് എന്നിവ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. അടിയന്തര സന്ദർഭങ്ങളിൽ 'സാഗര' മൊബൈൽ ആപ്ലിക്കേഷൻ വഴി മുന്നറിയിപ്പ് നൽകാൻ സംവിധാനമൊരുക്കിയിട്ടുണ്ട്. കടലാക്രമണം രൂക്ഷമാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിന് വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. രൂക്ഷമായ കടലാക്രമണം നേരിടുന്ന ആലപ്പുഴ, അമ്പലപ്പുഴ ഭാഗങ്ങളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെ എസ്.പി.വി. ആയി നിയമിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ വലിയതുറ, ചെറിയതുറ പ്രദേശങ്ങളിൽ കടൽഭിത്തി, പുലിമുട്ട് നിർമ്മാണ പ്രവൃത്തികൾ

നടന്നുവരുന്നു. എറണാകുളം ജില്ലയിൽ എടവനക്കാട്, വൈപ്പിൻ, ചെല്ലാനം പ്രദേശങ്ങളിൽ കടലാക്രമണ പ്രതിരോധ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. 2018-19 സാമ്പത്തിക വർഷം 78 കടൽഭിത്തി പുനരുദ്ധാരണ പദ്ധതികൾക്ക് അനുമതി നൽകുകയും ശംഖുംമുഖം റോഡ് പുനരുദ്ധാരണത്തിന് നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

## III സബ്മിഷൻ

### (1) പ്രഥിന്റെ കൊലപാതകം

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): തൃശ്ശൂർ ജില്ലയിലെ പെരിങ്ങോട്ടുകര പ്രഥിന്റെ കൊലപാതകം സംബന്ധിച്ച അന്വേഷണം ഊർജ്ജിതപ്പെടുത്തി പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 15.04.2019-ന് തൃശ്ശൂർ ജില്ലയിലെ ചെമ്മാപ്പള്ളിയിൽ പ്രദീപിനേയും സഹോദരൻ പ്രഥിനേയും സുഹൃത്തുക്കളേയും ആറംഗ സംഘം ആക്രമിച്ച് മാരകമായി പരിക്കേൽപ്പിച്ച സംഭവത്തിൽ അന്തിക്കാട് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചുവരവെ ചികിത്സയിലായിരുന്ന പ്രഥിൻ 18.04.2019-ന് മരണപ്പെടുകയും തുടരന്വേഷണത്തിൽ നാല് പ്രതികളെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. മറ്റ് പ്രതികളെ അറസ്റ്റ്

ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ ഈ കേസിന്റെ അന്വേഷണച്ചുമതല അന്തിക്കാട് പോലീസ് ഇൻസ്പെക്ടർക്കാണ്; ഒരു പ്രത്യേക ടീം രൂപീകരിച്ച് അന്വേഷണം ഊർജ്ജിതമാക്കുന്നതാണ്.

(2) ധനസഹായം

ശ്രീ. എസ്. രാജേന്ദ്രൻ: ഇടുക്കി ജില്ലയിൽ പ്രളയക്കെടുതിയിൽപ്പെട്ടവർക്ക് ഭൂമിക്ക് പട്ടയമില്ലെന്ന കാരണത്താൽ ധനസഹായം നിഷേധിക്കുന്നത് തടയാൻ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): 2018-ലുണ്ടായ പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് കെ.ഡി.എച്ച്., വെള്ളത്തൂവൽ, ആനവിരട്ടി വില്ലേജുകളിൽ ഭൂമി അളന്നുതിരിച്ച് നൽകിയതിൽ പലരും ഭൂമി ഏറ്റെടുക്കാൻ തയ്യാറായിട്ടില്ല. ഭൂമി ഏറ്റെടുത്തവർക്ക് വീട് വയ്ക്കുന്നതിന് 1,01,900/- രൂപ ആദ്യഗഡു ധനസഹായമായി നൽകിയിട്ടുണ്ട്. വട്ടവട, കടവേലി ഭാഗത്തെ കുറിഞ്ഞി സാങ്ച്വറിയുടെ പരിധിയിൽ മാറിത്താമസിക്കാൻ വിസമ്മതിച്ച രണ്ട് വീട്ടുകാർക്ക് തമിഴ്നാട്ടിൽ വീടും സ്ഥലവുമുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ദുരന്തപ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം തകർന്ന വീട് അംഗീകൃത നിർമ്മിതിയാണെങ്കിൽ ദുരിതാശ്വാസ സഹായം അനുവദിക്കുന്നതാണ്.

പ്രളയത്തിലോ ഉരുൾപൊട്ടലിലോ ഭൂമി നഷ്ടപ്പെട്ടാൽ അതിനുള്ള ദുരിതാശ്വാസം ഭൂമിയുടെ ഉടമസ്ഥന് മാത്രമേ നൽകാൻ പാടുള്ളൂവെന്ന് കേന്ദ്രമാനദണ്ഡം നിഷ്കർഷിക്കുന്നുണ്ട്.

## (3) വില്ലേജ് രൂപീകരണം

ശ്രീ. ആർ. രാജേഷ്: ചാരുംമൂട് കേന്ദ്രീകരിച്ച് വില്ലേജ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): മാവേലിക്കര താലൂക്കിലെ ചുനക്കര, താമരക്കുളം, നൂറനാട് വില്ലേജുകളിലെ പ്രദേശങ്ങളുൾപ്പെടുത്തി ചാരുംമൂട് ആസ്ഥാനമായി പുതിയൊരു വില്ലേജ് രൂപീകരിക്കുന്നത് ഉചിതമാണെന്ന് ലാന്റ് റവന്യൂ കമ്മീഷണർ അഭിപ്രായപ്പെട്ടിട്ടുണ്ട്. വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തര പ്രാധാന്യം നൽകി വില്ലേജ് വിഭജന നടപടികൾ തുടർന്നുവന്നിരുന്നെങ്കിലും നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്നാണ് സർക്കാർ തീരുമാനം. ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്ന സമയത്ത് ഈ വിഷയത്തിലും തീരുമാനമെടുക്കാവുന്നതാണ്.

(4) റൈസ് മിൽ

ശ്രീമതി പി. അയിഷാ പോറ്റി: കൊട്ടാരക്കരയിൽ ഒരു റൈസ് മില്ലും ഗോഡൗണും സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): ഊർജ്ജിത നെൽകൃഷി വികസന പദ്ധതിയുടെയും ഹരിത കേരള മിഷന്റെയും ഭാഗമായി കൊട്ടാരക്കര വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള 352 ഹെക്ടർ പ്രദേശത്ത് 2400 ടൺ നെല്ലാണ് നിലവിൽ ഉൽപ്പാദിപ്പിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ കൃഷിയുടെ വ്യാപ്തി വർദ്ധിപ്പിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംഭരിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം നടത്തുന്നതിനും സംഭരിക്കുന്ന നെല്ലിന് 25.30 രൂപ നിരക്കിൽ താങ്ങുവില ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൊട്ടാരക്കര മണ്ഡലത്തിൽ റൈസ് മില്ലും വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണും സ്ഥാപിക്കുന്നതിനായി സ്ഥലം കണ്ടെത്തിയശേഷം ആർ.കെ.വി.വൈ. പദ്ധതിയുടെ നിയമാവലിയനുസരിച്ച് ഡി.പി.ആർ. തയ്യാറാക്കാൻ കൃഷി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(5) സ്പെഷ്യൽ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ്

ശ്രീ. എൽദോ എബ്രഹാം: ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്ന

അംഗീകൃത സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകർക്ക് പ്രത്യേക പാക്കേജ് നടപ്പാക്കണം.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡ് സ്കൂളുകളാക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഭിന്നശേഷിക്കാരായ കുട്ടികളെ സ്വന്തം കാര്യങ്ങൾ നിർവ്വഹിക്കാൻ പ്രാപ്തരാക്കി സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനായി സ്ഥാപിതമായിട്ടുള്ള സ്പെഷ്യൽ സ്കൂളുകൾക്കും ബഡ്സ് സ്കൂളുകൾക്കും എയ്ഡഡ് പദവി നൽകണമെന്നത് പ്രായോഗികമല്ല. വിവിധ വകുപ്പുകളുടേയും സംഘടനകളുടേയും കീഴിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനെ ചുമതലപ്പെടുത്തുകയും ടി പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ ഗ്രേഡ് അടിസ്ഥാനത്തിൽ തരംതിരിച്ച് കേന്ദ്ര സർക്കാർ ഗ്രാന്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്. പ്രസ്തുത സ്ഥാപനങ്ങൾ കുറ്റമറ്റരീതിയിൽ നടത്തുന്നതുസംബന്ധിച്ച് ചീഫ് സെക്രട്ടറി തലത്തിൽ വിവിധ വകുപ്പുകളുമായി ചർച്ച നടത്തി ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(6) റേഷൻ കാർഡ്

ശ്രീ. ടി. വി. ഇബ്രാഹിം: ഭിന്നശേഷിക്കാർ അംഗങ്ങളായ കുടുംബങ്ങളെ മുൻഗണനാ പട്ടികയിലുൾപ്പെടുത്തി റേഷൻ കാർഡും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം സംസ്ഥാനത്ത് തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ അനർഹരെ ഒഴിവാക്കി അർഹരായ ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന അംഗങ്ങളുള്ള കുടുംബങ്ങൾ പരിശോധിച്ച് യോഗ്യതയുണ്ടെങ്കിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മുൻഗണനാ മാനദണ്ഡങ്ങളിലുൾപ്പെട്ട് ഒഴിവായ മുൻഗണനേതര വിഭാഗത്തിനും മുൻഗണനാ വിഭാഗങ്ങൾക്ക് ലഭിക്കുന്ന ചികിത്സാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സംസ്ഥാന ഭക്ഷ്യഭദ്രതാ നിയമം 2018 ചട്ടം 5 പ്രകാരം സ്റ്റേറ്റ് പ്രയോറിറ്റി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(7) ഗവൺമെന്റ് റീജിയണൽ ടെക്നിക്കൽ ഹൈസ്കൂൾ

ശ്രീ. കെ. ദാസൻ: കൊയിലാണ്ടി ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ ആൺകുട്ടികൾക്ക് പ്രവേശനം നൽകുന്നതിനും

മത്സ്യത്തൊഴിലാളി മേഖലയിലെ വിദ്യാർത്ഥികൾക്ക് പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയുന്ന രീതിയിൽ പ്രസ്തുത സ്കൂളിനെ മാറ്റിയെടുക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): തീരദേശത്തെ കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യംവച്ചുകൊണ്ട് ആരംഭിച്ച പത്ത് മേഖലാ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിൽ കാഞ്ഞങ്ങാട്ടും കൊയിലാണ്ടിയിലും പ്രവർത്തിക്കുന്നവയിൽ പെൺകുട്ടികൾക്കും മറ്റ് സ്കൂളുകളിൽ ആൺകുട്ടികൾക്കുമാണ് 2018-19 അധ്യയന വർഷംവരെ പ്രവേശനം അനുവദിച്ചിരുന്നത്. ഒരു സ്കൂളിൽ 120 മത്സ്യത്തൊഴിലാളി കുട്ടികൾക്ക് താമസിച്ച് പഠിക്കാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. 2016-ൽ ഈ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റി ഫണ്ട് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളുകളിലെ പഠന സൗകര്യം പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി 2019-20 വർഷം മുതൽ എല്ലാ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിലും 50 ശതമാനത്തിലധികരിക്കാതെ ഡേ സ്കോളേഴ്സായി ആൺ-പെൺ വ്യത്യാസമില്ലാതെ മത്സ്യത്തൊഴിലാളികളുടെ മക്കളെ പ്രവേശിപ്പിക്കാൻ

അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കൊയിലാണ്ടി ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിലും ആൺകുട്ടികൾക്ക് പ്രവേശനം അനുവദിക്കാവുന്നതാണ്.

(8) വന്യജീവികൾ വരുത്തുന്ന നാശനഷ്ടം

ശ്രീ. സണ്ണി ജോസഫ്: ആറളം, കൊട്ടിയൂർ വന്യജീവി സങ്കേതങ്ങളിലെ വന്യജീവികൾ ജനവാസ മേഖലയിൽ വരുത്തുന്ന നാശനഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിനും ആക്രമണം തടയുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും ആവശ്യമായ ഫണ്ട് വകയിരുത്തുന്നതിന് നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): ആറളം വന്യജീവി സങ്കേതത്തിന് സമീപത്തുള്ള ആദിവാസി ജനവാസ മേഖലയിലാണ് കാട്ടാനക്കൂട്ടമിറങ്ങി കൃഷിനാശം വരുത്തുന്നത്. ആറളം പുനരധിവാസ മേഖലയിലേയ്ക്ക് കാട്ടാനകൾ പ്രവേശിക്കുന്നത് തടയുന്നതിനായി ആനപ്രതിരോധ മതിലും ട്രഞ്ചും ഉരുക്കുവേലിയും നിർമ്മിച്ചിട്ടുണ്ടെങ്കിലും കാലപ്പഴക്കം കാരണം അവ നശിച്ചതിനാൽ ജനവാസ മേഖലകളിൽ ആന പ്രവേശിക്കുന്നുണ്ട്. മതിൽ പുതുക്കിപ്പണിയുന്നതിനും ട്രഞ്ച് മെയിന്റനൻസ് നടത്തുന്നതിനുമുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആനയിറങ്ങുന്ന

സമയങ്ങളിൽ അവയെ തുരത്തുന്നതിനുള്ള സത്വരനടപടികൾ വനം വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. ആറളം പുനരധിവാസ മേഖലയിൽ പുതിയതായി ആനപ്രതിരോധ മതിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. കൊട്ടിയൂർ വന്യജീവി സങ്കേതത്തിന്റെ വനാതിർത്തിയിൽ സൗരോർജ്ജവേലി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ആറളം ഫാമിലെ പുനരധിവാസ മേഖലയിൽ കാട്ടാനയുടെ ആക്രമണത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഫാമിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുന്നത് സംബന്ധിച്ച് കൃഷി-റവന്യൂ-വനം വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ഉടൻതന്നെ വിളിച്ചുചേർക്കുന്നതാണ്.

## (9) വോൾട്ടേജ് ക്ഷാമം

ശ്രീ. എ. പി. അനിൽ കുമാർ: വണ്ടൂർ നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): വണ്ടൂർ പ്രദേശത്ത് വൈദ്യുതി വിതരണം ചെയ്യുന്ന വണ്ടൂർ 33 കെ.വി. സബ്സ്റ്റേഷനിലേയ്ക്ക്

വൈദ്യുതി എത്തിക്കുന്നത് കിഴിശ്ശേരി 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും എടവണ്ണവഴി 30 കിലോമീറ്റർ ലൈനിലൂടെയാണ്. എടവണ്ണ സബ്സ്റ്റേഷനിലേയ്ക്ക് കിഴിശ്ശേരിയിൽനിന്നുമുള്ള അഡീഷണൽ ലൈനിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ വോൾട്ടേജ്നില മെച്ചപ്പെടുത്താൻ സാധിക്കും. തിരുവാലിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന 110 കെ.വി. സബ്സ്റ്റേഷൻ പൂർത്തിയാകുന്നതോടെ വോൾട്ടേജ് ക്ഷാമത്തിന് ശാശ്വത പരിഹാരമുണ്ടാകും.

(10) പകൽവീട്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സാങ്കേതിക തടസ്സം ഒഴിവാക്കി പട്ടികവർഗ്ഗ കോളനികളിൽ പകൽവീട് നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): വനാവകാശ നിയമപ്രകാരം ലഭ്യമായ ഭൂമി മറ്റൊരാൾക്ക് കൈമാറ്റം ചെയ്യുന്നതിന് സാധ്യമല്ലെന്ന് ഗവൺമെന്റ് പ്ലീഡറിൽനിന്ന് നിയമോപദേശം ലഭിച്ചിട്ടുള്ളതായി വയനാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ ബിൽ തുക അനുവദിക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുണ്ട്. വനം വകുപ്പിന്റെ അഭിപ്രായം കണക്കിലെടുത്ത്

വനാവകാശ നിയമപ്രകാരം ലഭ്യമായ ഭൂമിയിൽ പകൽവീട് നിർമ്മിക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുന്നതാണ്.

## IV ധനകാര്യം

### 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ<br>(1078,66,43,000 രൂപ)

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIX - വൈദ്യുത പദ്ധതികൾ<br>(348,87,19,000 രൂപ)

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും വൈദ്യുത

പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവനകൾ മേശപ്പുറത്തുവച്ചു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

## V അറിയിപ്പ്

<u>കേന്ദ്ര മന്ത്രിയുടെ സന്ദർശനം</u>

സഭാനടപടികൾ വീക്ഷിക്കുന്നതിനായി നിയമസഭയുടെ സന്ദർശന ഗ്യാലറിയിൽ ബഹുമാനപ്പെട്ട കേന്ദ്ര റോഡ് ഗതാഗതവും ഹൈവേകളും വകുപ്പുമന്ത്രി ശ്രീ. നിതിൻ ജയറാം ഗഡ്കരിയും കുടുംബവും എത്തിയിട്ടുള്ള വിവരം ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിക്കുകയും അവരെ സ്വാഗതം ചെയ്യുകയും ചെയ്തു.

## ധനകാര്യം (തുടർച്ച)

<u>ശ്രീ. രാജു എബ്രഹാം</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വ്യവസായ, വൈദ്യുതി മേഖലകളിൽ അഭിമാനകരമായ നേട്ടം കൈവരിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. പുതിയ വ്യവസായ സ്ഥാപനങ്ങളും ഇൻഡസ്ട്രിയൽ/റൈസ്/ഫുഡ് പാർക്കുകളും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വ്യവസായങ്ങൾ ആരംഭിക്കുന്നതിനനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ചതിന്റെ ഫലമായി കൂടുതൽ ചെറുകിട-ഇടത്തരം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും നിക്ഷേപം നടത്തുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്. സ്വകാര്യ

വ്യവസായ പാർക്കുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി 5 കോടി രൂപയുടെ സഹായം നൽകുന്ന പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിന് കിഫ്ബിയിൽ തുക വകയിരുത്തുകയും കൊച്ചിൻ റിഫൈനറിയുമായി ബന്ധപ്പെട്ട് പെട്രോകെമിക്കൽ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വൻകിട കമ്പനികൾ കേരളത്തിൽ മുതൽമുടക്കാൻ മുന്നോട്ടുവരുന്നത് ശുഭസൂചകമാണ്. കടുത്ത വേനൽക്കാലത്തും പവർക്കട്ടും ലോഡ്ഷെഡ്ഡിംഗും ഒഴിവാക്കാൻ കഴിഞ്ഞത് വൈദ്യുതി വകുപ്പിനെ സംബന്ധിച്ചിടത്തോളം അഭിമാനകരമാണ്.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാന സർക്കാർ പുറത്തിറക്കിയ പ്രോഗ്രസ് റിപ്പോർട്ടിലെ അവകാശവാദങ്ങളിൽ യാതൊരു കഴമ്പുമില്ല. നഷ്ടത്തിലായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിച്ചിരിക്കെ ലാഭത്തിലുള്ള ചുരുക്കം പൊതുമേഖലാ സ്ഥാപനങ്ങളുടെ പേരിൽ സർക്കാർ തെറ്റായ പ്രചരണം നടത്തുകയാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ റാങ്കിംഗിൽ സംസ്ഥാനം പിന്നിലായിരിക്കുകയാണ്. വ്യവസായ പാർക്കുകൾക്കുവേണ്ടി വിവിധ പ്രദേശങ്ങളിൽ ഭൂമി ഏറ്റെടുത്തുവെന്ന അവകാശവാദം

അടിസ്ഥാനരഹിതമാണ്. വൈദ്യുതി രംഗത്ത് മുൻ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ച നടപടികൾ കാരണമാണ് സംസ്ഥാനത്ത് ലോഡ്ഷെഡ്ഡിംഗും പവർക്കട്ടും ഒഴിവാക്കാൻ സാധിച്ചത്.

ശ്രീ. സി. ദിവാകരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മുൻ സർക്കാർ അടച്ചുപൂട്ടാൻ തീരുമാനിച്ച നിരവധി വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാനും ലാഭകരമാക്കാനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. വൈദ്യുതി മേഖലയിൽ ഉല്പാദന-പ്രസരണ-വിതരണരംഗത്ത് മികച്ച നേട്ടം കൈവരിക്കാനും സമ്പൂർണ്ണ വൈദ്യുതീകരണം യാഥാർത്ഥ്യമാക്കാനും സാധിച്ചത് അഭിമാനകരമാണ്. ആധുനിക-പരമ്പരാഗത വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കണം. പരമ്പരാഗത വ്യവസായ മേഖലയിൽ നിന്നുള്ള അസംസ്കൃത സാധനങ്ങൾ സംഭരിച്ച് പ്രോസ്സസ് ചെയ്ത് വിതരണം ചെയ്യാനുള്ള മെഗാ പ്രോജക്ട് തയ്യാറാക്കണം. കേരളത്തിലെ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻ സാധിച്ചത് സ്വാഗതാർഹമാണ്. വൈദ്യുതി രംഗത്ത് കേരളം സ്വയംപര്യാപ്തത നേടുന്നതോടുകൂടി സാമ്പത്തിക രംഗത്ത് വലിയ മാറ്റമുണ്ടാകും.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈസ്

ഓഫ് ഡൂയിംഗ് ബിസിനസ്  നിയമത്തിന്റെ ഗുണം വ്യവസായ രംഗത്ത് എത്രമാത്രം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കണം. കഴിഞ്ഞ 20 വർഷത്തിനുള്ളിൽ കളമശ്ശേരി, ഏലൂർ-ആലുവ വ്യവസായ മേഖലയിൽ 24 വ്യവസായ സ്ഥാപനങ്ങൾ പൂട്ടുകയും പന്ത്രണ്ടായിരത്തിലധികം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയും ചെയ്ത സാഹചര്യത്തിൽ വ്യവസായ മേഖലകളോടുള്ള സമീപനത്തിൽ മാറ്റം വരുത്താൻ തയ്യാറാകണം. പ്രവർത്തനക്ഷമമല്ലാത്ത വ്യവസായ സ്ഥാപനങ്ങളുടെ സ്ഥലം ഏറ്റെടുത്ത് ന്യൂ ജനറേഷൻ വ്യവസായങ്ങളും സ്റ്റാർട്ടപ്പുകളും ആരംഭിക്കാൻ നടപടി സ്വീകരിക്കണം. വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി സർക്കാർ ഏറ്റെടുക്കണം. എച്ച്.എം.ടി.-യെ ഡീലിങ് ചെയ്ത് ലാഭകരമാക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണം. എഫ്.എ.സി.ടി.-യുടെ  റിവൈവൽ പ്രോഗ്രാം അനുവദിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും അണക്കെട്ടുകളിൽ സംഭരിച്ചിട്ടുള്ള അധികജലം ജനജീവിതത്തെ ബാധിക്കാത്ത രീതിയിൽ ഘട്ടംഘട്ടമായി തുറന്നുവിടുന്നതിനും ഓരോ അണക്കെട്ടിനും പ്രത്യേകം ആക്ഷൻ പ്ലാൻ തയ്യാറാക്കണമെന്ന കേന്ദ്ര ജലകമ്മീഷന്റെ നിർദ്ദേശം നടപ്പിലാക്കുന്നതിനും  നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. ഉണ്ണി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വൈദ്യുതി മേഖലയിൽ അത്ഭുതകരമായ നേട്ടങ്ങൾ കൈവരിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ചുകൊണ്ട് സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിയതും പവർക്കട്ട് ഒഴിവാക്കിയതും വൈദ്യുതി വകുപ്പിന്റെ ഇച്ഛാശക്തിയെയാണ് വ്യക്തമാക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ  ലാഭകരമാക്കാനും വ്യവസായ മേഖലയിലെ കെടുകാര്യസ്ഥത അവസാനിപ്പിക്കാനും ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിനെ ലാഭത്തിലാക്കി ലാഭവിഹിതം വിതരണം ചെയ്യാനും സാധിച്ചത് അഭിമാനാർഹമാണ്. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്  ഏറ്റെടുക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്.  കയർ, കശുവണ്ടി  തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പുവരുത്തുന്നതിനും ചെറുകിട ഇടത്തരം വ്യവസായമേഖലയിൽ  നിക്ഷേപം നടത്താൻ കഴിഞ്ഞതും ഈ മേഖലയോടുള്ള സർക്കാരിന്റെ പ്രതിബദ്ധതയാണ് വ്യക്തമാക്കുന്നത്. ജോലി നഷ്ടപ്പെട്ട് തിരികെ എത്തുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിന് ചെറുകിട-പരമ്പരാഗത വ്യവസായ മേഖലകളിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ

ഉൾപ്പെടുത്തണം.

ഡോ. എൻ. ജയരാജ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പുതിയ വ്യവസായികൾക്ക് ഓൺലൈൻവഴി അപേക്ഷ നൽകുന്നതിനും 30 ദിവസത്തിനുള്ളിൽ വ്യവസായങ്ങൾക്ക് അനുമതി നൽകുന്നതിനുമായി കെ.എസ്.ഐ.ഡി.സി. തയ്യാറാക്കിയ കെ-സ്വിഫ്റ്റ് (KSWIFT) എന്ന പോർട്ടലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഓൺലൈൻവഴി ലഭിക്കുന്ന അപേക്ഷകൾക്ക് അനുമതി നൽകുന്നതിലുള്ള ഗ്രാമപഞ്ചായത്തുകളുടെ സമീപനത്തിൽ മാറ്റം വരുത്തുന്നതിനും നടപടി സ്വീകരിക്കണം. റബ്ബറധിഷ്ഠിത ഉല്പന്നങ്ങൾക്കുമാത്രമായി കാഞ്ഞിരപ്പള്ളിയിൽ വ്യവസായ പാർക്ക് സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. ബയോപ്ലാസ്റ്റിക്കുകളുടെ നിർമ്മാണത്തിന് റബ്ബർക്കുരുവിന്റെ എണ്ണ ഉപയോഗപ്പെടുത്തുന്നതിന്റെ സാദ്ധ്യതകളെക്കുറിച്ച് പരിശോധിക്കുകയും റബ്ബർ കർഷകരെ സഹായിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുകയും വേണം. കോട്ടയം ജില്ലയിലെ സിമന്റ് ഫാക്ടറിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവിടെയുള്ള മെഷിനറികൾ പുനഃക്രമീകരിച്ച് ഗ്രേ സിമന്റ് ഉല്പാദിപ്പിക്കുന്നതിനും പവർഗ്രിഡ് കോർപ്പറേഷന് സ്ഥലം വിട്ടുകൊടുത്ത കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകുന്നതിനും

കാഞ്ഞിരപ്പള്ളിയിൽ 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുമേഖലാ വ്യവസായങ്ങളെ സംരക്ഷിക്കാനും ലാഭകരമാക്കാനും ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. വ്യാവസായിക പുരോഗതിക്ക് അടിത്തറ പാകുന്നതിന് ചെറുതും വലുതുമായ വ്യാപാര വ്യവസായ സ്ഥാപനങ്ങളെ നിലനിർത്താനും പുതിയ സംരംഭകരെ ഈ മേഖലകളിലേയ്ക്ക് ആകർഷിക്കാനും കഴിയണം. കേരളത്തിലെ വ്യവസായ വളർച്ചയ്ക്ക് തടസ്സമായി നിന്നിരുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലൈസൻസിംഗ് നിബന്ധനകളിലെ പോരായ്മകൾ പരിഹരിക്കുന്നതിനും വ്യവസായ-വാണിജ്യ സ്ഥാപനം തുടങ്ങുന്നതിനാവശ്യമായ അനുമതി അതിവേഗം ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഫയർ സേഫ്റ്റി അനുമതിക്കുള്ള ക്ലിയറൻസ് ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും പുതിയ വ്യവസായങ്ങൾക്കുള്ള അപേക്ഷകളിന്മേൽ 30 ദിവസത്തിനകം തീർപ്പ് കൽപ്പിക്കാൻ കഴിയാതെ വന്നാൽ കൽപ്പിത അനുമതി ലഭിച്ചതായി കണക്കാക്കുന്നതിനും നോക്കുകൂലി അവസാനിപ്പിക്കുന്നതിനും സ്വീകരിച്ച നടപടി അഭിനന്ദനാർഹമാണ്. ഏകജാലക ഓൺലൈൻ ക്ലിയറൻസ് സംവിധാനം ഏർപ്പെടുത്താനുള്ള തീരുമാനം വ്യവസായ വളർച്ചയ്ക്ക് വേഗതകൂട്ടും.

'സെയിൽ'-മായുണ്ടാക്കിയ കരാർപ്രകാരം സ്റ്റീൽ കോംപ്ലക്സിന് ബില്ലറ്റ് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. വൈദ്യുതി വകുപ്പിന് ഇന്ത്യാ ഗവൺമെന്റിന്റെ ഊർജ്ജസംരക്ഷണ അവാർഡുകൾ ലഭ്യമായത് വകുപ്പിന്റെ കാര്യക്ഷമതയെയാണ് കാണിക്കുന്നത്. അമ്പതിനായിരത്തിലധികം വീടുകൾ പുതുതായി വയറിംഗ് ചെയ്യുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചും ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. ഫിലമെന്റ് രഹിത കേരളം പദ്ധതി മാതൃകാപരമാണ്. നിലവിലുള്ള പവർ ഹൗസുകളുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കാനും സോളാർ വൈദ്യുതി കൂടുതലായി ഉൽപ്പാദിപ്പിക്കാനും സ്വീകരിച്ച നടപടികൾ ശ്ലാഘനീയമാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നടപ്പാക്കുന്നതിനും കാഞ്ഞിരപ്പള്ളിക്കടുത്ത് പാറത്തോട് പഞ്ചായത്തിൽ റബ്ബറധിഷ്ഠിത വ്യവസായ പാർക്ക് ആരംഭിക്കുന്നതിനും വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറി സംരക്ഷിക്കുന്നതിനും കയർ-കശുവണ്ടി മേഖലകളുടെ വികസനത്തിനും ആവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: ധനാഢ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിൽ വ്യവസായ, വൈദ്യുതി മേഖലകളിൽ വിപ്ലവകരമായ നേട്ടങ്ങളാണ്

കൈവരിച്ചിരിക്കുന്നത്. വ്യവസായ മേഖലയിൽ നൂതന സംരംഭങ്ങൾ ആരംഭിക്കാനും നിരവധി കമ്പനികൾക്ക് കേരളത്തിൽ നിക്ഷേപം നടത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കാനും ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനായുള്ള വൻകിട പദ്ധതികളായ ലൈഫ് സയൻസ് പാർക്ക്, മെഗാഫുഡ് പാർക്ക്, ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. വയനാട്ടിൽ കാർബൺ ന്യൂട്രൽ കോഫി വില്ലേജ് ആരംഭിക്കാനും യു.ഡി.എഫ്. ഭരണകാലത്ത് നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനും സാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ വിൽക്കാൻ തീരുമാനിച്ച പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിനെ ഏറ്റെടുത്ത നടപടി സ്വാഗതാർഹമാണ്. സോളാർ, മറ്റ് റിന്യൂവബിൾ പദ്ധതികൾ എന്നിവയിലൂടെ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് മുൻഗണന നൽകണം.

ശ്രീ. പി. കെ. ശശി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഗവൺമെന്റിന്റെ ഫലപ്രദമായ ഇടപെടലിലൂടെ ആഭ്യന്തര-വിദേശ നിക്ഷേപങ്ങളിൽ വർദ്ധനവുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ അടച്ചുപൂട്ടുകയും സ്വകാര്യവൽക്കരിക്കുകയും മൂലധനനിക്ഷേപത്തിന്റെ കാര്യത്തിൽ ശത്രുതാപരമായ സമീപനം സ്വീകരിക്കുകയുമാണ് കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നത്.

കേരളത്തെ പരിസ്ഥിതി സൗഹൃദ-നിക്ഷേപ സംസ്ഥാനമാക്കുന്നതിനും വാണിജ്യ-വ്യവസായ രംഗങ്ങളിൽ പുരോഗതി കൈവരിക്കുന്നതിനും തൊഴിലാളികൾക്ക് ന്യായമായ വേതനം ഉറപ്പുവരുത്തി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും സർക്കാർ നടപടിയെടുത്തിട്ടുണ്ട്. പരമ്പരാഗത വ്യവസായങ്ങളുടെ വളർച്ചയ്ക്കാവശ്യമായ ഇടപെടൽ നടത്തണം. സർക്കാർ സ്വീകരിച്ച ശരിയായ നിലപാടുകളുടെയും ദിശാബോധത്തിന്റെയും ഫലമായാണ് തകർച്ച നേരിട്ടുകൊണ്ടിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ സാധിച്ചത്. വൈദ്യുതി രംഗത്ത് വൻ കുതിപ്പുണ്ടാക്കുന്നതിനും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയ ആദ്യത്തെ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനും പത്ത് ലക്ഷത്തിൽപ്പരം പുതിയ വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിനായി നിയമം പാസ്സാക്കിയെങ്കിലും നാളിതുവരെ യാതൊരു നേട്ടവും കൈവരിക്കാൻ സാധിച്ചിട്ടില്ല. വ്യവസായ സംരംഭകർക്കുവേണ്ടി ആരംഭിച്ച പോർട്ടൽ സംവിധാനം കാര്യക്ഷമമാക്കണം. അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ സംരക്ഷിക്കുന്നതിനും സിമന്റിന്റെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനും കുറ്റ്യാടിയിൽ

നാളികേര വികസന പാർക്ക് യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. 'നീര'യുടെ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കണം. മഴക്കാലത്ത് വൈദ്യുതി ലൈനുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ ജാഗ്രത പുലർത്തണം.

ശ്രീ. എം. രാജഗോപാലൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വ്യവസായ വികസനത്തിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ/അസംസ്കൃത പദാർത്ഥങ്ങളുടെ അപര്യാപ്തത പരിഹരിച്ച് വ്യവസായ നിക്ഷേപത്തിനനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻ നടത്തിയ ശ്രമങ്ങൾ ശ്ലാഘനീയമാണ്. ആധുനിക സാങ്കേതികവിദ്യയിലൂടെ വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം എന്നിവയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ടാണ് വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ കോർപ്പറേറ്റുകളുടെ പിടിയിൽ നിന്നും മോചിപ്പിക്കുന്നതിന് പുറപ്പെടുവിച്ച വ്യവസായ വാണിജ്യനയം കരുത്ത് പകരുന്നതാണ്. പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിലും പിന്തുണ നൽകുന്നതിലും സംസ്ഥാനത്തോട് കേന്ദ്ര സർക്കാർ തികഞ്ഞ അവഗണനയാണ് കാണിക്കുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കാനും പവർക്കട്ടും ലോഡ്ഷെഡ്ഡിംഗും ഒഴിവാക്കാനും സാധിച്ചത് അഭിനന്ദനാർഹമാണ്.

ശ്രീ. പി. ടി. തോമസ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇലക്ട്രിസിറ്റി

ബോർഡിനെ നവീകരിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച റിപ്പോർട്ട് വൈദ്യുതി ബോർഡ് അംഗീകരിക്കുമോയെന്ന് വ്യക്തമാക്കണം. കേരളത്തിൽ വൈദ്യുതി ഉൽപ്പാദന ചെലവ് വർദ്ധിക്കുന്നത് ഗൗരവത്തോടെ കാണണം. ആധുനികവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിനും ഇലക്ട്രിസിറ്റി ബോർഡ് ആധുനികവത്ക്കരിക്കുന്നതിനും നടപടി സ്വീകരിക്കണം. മഴയുടെ തോതനുസരിച്ച് വൈദ്യുതി ഉത്പാദനം വർദ്ധിച്ചിട്ടുണ്ടോയെന്നും വൈദ്യുതി ബോർഡ് ആസ്തിയേക്കാൾ കൂടുതൽ കടമെടുക്കുന്നതിനെക്കുറിച്ചും പരിശോധിക്കപ്പെടേണ്ടതാണ്. പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട അഴിമതിയെക്കുറിച്ചും കെ.എസ്.ഇ.ബി. മീറ്റർ ഇടപാടിൽ നടന്ന ക്രമക്കേടുകളെക്കുറിച്ചും അന്വേഷണം നടത്തണം. വില/ഗുണനിലവാരം കുറഞ്ഞ മീറ്ററുകൾ സപ്ലൈ ചെയ്ത കമ്പനികളെ കരിമ്പട്ടികയിൽപ്പെടുത്തണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>): തൊഴിൽ സമരങ്ങൾ ഒഴിവാക്കി കേരളത്തിന്റെ വ്യവസായാന്തരീക്ഷം മെച്ചപ്പെടുത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ നീറ്റാ ജലാറ്റിൻ ഇന്ത്യാ ലിമിറ്റഡ് എന്ന സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചു. കേരളത്തിലെ പൊതു/സ്വകാര്യ മേഖലകളെയും

സ്വകാര്യ സംരംഭകരേയും പ്രോൽസാഹിപ്പിക്കാനാവശ്യമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 43,518 വ്യവസായ യൂണിറ്റുകൾ ആരംഭിക്കാനും 4,846.03 കോടി രൂപയുടെ നിക്ഷേപമുണ്ടാക്കാനും 166178 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. കേരളത്തിലെ പൊതു/സ്വകാര്യ/പരമ്പരാഗത മേഖലകളിലെ ഉത്പന്നങ്ങൾക്ക് വിദേശ/സ്വദേശ മാർക്കറ്റുകൾ കണ്ടെത്താനും അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കി വ്യവസായ സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. നോക്കുകൂലിക്ക് നിയന്ത്രണം വരുത്താൻ സാധിച്ചു. വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി പരിശോധിച്ച് പരിഹാരം കാണാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വൈവിധ്യവത്കരണത്തിലൂടെയും നവീകരണത്തിലൂടെയും തകർച്ചയിലായിരുന്ന വ്യവസായ സ്ഥാപനങ്ങളെ വളർച്ചയുടെ പാതയിലെത്തിക്കാൻ സാധിച്ചിട്ടുണ്ട്. നഷ്ടത്തിലായിരുന്ന കെ.എം.എം.എൽ., ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് എന്നിവയെ ലാഭത്തിലാക്കാനും അടച്ചുപൂട്ടൽ ഭീഷണി നേരിട്ടിരുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിനെ വൈവിധ്യവത്കരണത്തിലൂടെ ലാഭത്തിലേയ്ക്ക് കൊണ്ടുവരാനും സാധിച്ചു. കെൽട്രോൺ, യു.എസ്.ടി. ഗ്ലോബലുമായി ചേർന്ന് ജോയിന്റ് വെഞ്ച്വറിൽ ലാപ്ടോപ് നിർമ്മിക്കുന്നതിനുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. ട്രാവൻകൂർ സിമന്റ്സിന്റെ പ്രവർത്തനം

മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇൻഡസ്ട്രിയൽ പാർക്കുമായി ബന്ധപ്പെട്ട് 6886 ഏക്കർ ഭൂമി ഏറ്റെടുക്കാനുദ്ദേശിക്കുന്നുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി ഓൺലൈൻ സംവിധാനത്തിലൂടെ അപേക്ഷ നൽകാനും ഒരുമാസത്തിനകം അനുമതി ലഭ്യമായില്ലെങ്കിൽ ഡീംഡ് ലൈസൻസായി അംഗീകരിക്കാനുമുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്. തളിപ്പറമ്പ് നാടുകാണിയിലെ ടെക്സ്റ്റൈൽ പാർക്ക് നവീകരിക്കുന്നതിനും നിലവിലുള്ള സ്പിന്നിംഗ് മില്ലുകൾ പുനരുദ്ധരിക്കുന്നതിനും ഗ്രേ സിമന്റ് നിർമ്മാണം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കുറ്റ്യാടി നാളികേര പാർക്കിന് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട കേസ് കോടതിയുടെ പരിഗണനയിലായതിനാൽ അക്കാര്യത്തിൽ തീരുമാനമെടുക്കാൻ സർക്കാരിന് സാധിക്കില്ല. സിയാൽ മോഡൽ റബ്ബർ പാർക്ക് യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും സ്കിൽ എന്റർപ്രണേഴ്സ് സെന്ററുകൾ, ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താൽ

തെങ്ങിൻ തടിയുപയോഗിച്ച് ഫർണിച്ചർ നിർമ്മാണം, റൈസ് പാർക്ക് എന്നിവയും വയനാട് ജില്ലയിൽ മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ പാർക്ക്, കണ്ണൂർ ജില്ലയിൽ സർജിക്കൽ ഗ്ലൗസ് ഫാക്ടറി, ഇ-മൊബിലിറ്റി പാർക്ക് എന്നിവയും ആരംഭിക്കുന്നതാണ്. തേൻ സംസ്കരണത്തിനും വിപണനത്തിനും പ്രോത്സാഹനം നൽകി തൊഴിലവസരം വർദ്ധിപ്പിക്കാനും ജീവൻരക്ഷാ മരുന്നുകളുടെ ഉൽപ്പാദനത്തിനും ഗവേഷണങ്ങൾക്കും പ്രോത്സാഹനം നൽകാനും നടപടി സ്വീകരിക്കും. കിൻഫ്ര, കെ.എസ്.ഐ.ഡി.സി., കെൽട്രോൺ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ സംരംഭകരുമായി സഹകരിച്ച് പുതിയ സംയുക്ത സംരംഭങ്ങൾ ആരംഭിക്കുന്നതാണ്. ഉപയോഗശൂന്യമായ വ്യവസായ പ്ലോട്ടുകൾ കണ്ടെത്തി ആവശ്യക്കാർക്ക് മിതമായ വിലയിൽ നൽകുന്നതിനും വ്യവസായ സംരംഭകർക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനും കൃത്യമായി വായ്പ അടയ്ക്കുന്ന ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് തുടർ വ്യവസായത്തിന് 5% പലിശ നിരക്കിൽ പണം നൽകുന്നതിനും

തീരുമാനിച്ചിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സഭാതലത്തിൽ ഉയർന്നുവന്നിരിക്കുന്ന ക്രിയാത്മക നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. കേന്ദ്ര സർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന വൈദ്യുതി നിയമ ഭേദഗതി സംസ്ഥാന താല്പര്യങ്ങൾക്ക് വിരുദ്ധമാകാൻ സാദ്ധ്യതയുള്ളതിനാൽ ഗൗരവതരമായി കാണേണ്ടതുണ്ട്. സാദ്ധ്യമായ എല്ലാ മേഖലകളിലും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയതിനുപുറമെ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുമൂലം വൈദ്യുതിയെത്തിക്കാൻ കഴിയാത്ത മേഖലകളിൽ അനുമതി ലഭിക്കുന്നമുറയ്ക്ക് കേബിളുകൾ സ്ഥാപിച്ച് വൈദ്യുതിയെത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. വൈദ്യുതി ഉൽപ്പാദനം വിപുലീകരിക്കുന്നതോടൊപ്പം ഊർജ്ജോപഭോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി എൽ.ഇ.ഡി. ബൾബ്/ട്യൂബുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതാണ്. ജലവൈദ്യുത പദ്ധതികളുടെ സാദ്ധ്യതകൾ കുറവായതിനാലും ചെറുകിട പദ്ധതികളും താപനിലയങ്ങളും നഷ്ടമായതിനാലും സൗരോർജ്ജം പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യമാണ് സർക്കാരിനുള്ളത്. വൈദ്യുതി മേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി ഇടുക്കിയിൽ ഒരു

അണ്ടർ ഗ്രൗണ്ട് പവർഹൗസ് പണിയുന്നതുസംബന്ധിച്ച പഠനങ്ങൾ നടന്നുവരുന്നു. അടിയന്തര ഘട്ടങ്ങളിൽ ഉയർന്ന വിലയ്ക്ക് വൈദ്യുതി വാങ്ങുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് പവർക്കട്ടും ലോഡ്ഷെഡ്ഡിംഗും ഒഴിവാക്കുക എന്ന സർക്കാർ നയം പൂർണ്ണമായും നടപ്പാക്കുന്നതിനാണ് ശ്രമിക്കുന്നത്. വൻതോതിലുള്ള സാമ്പത്തിക ബാദ്ധ്യത വരുമെന്നതിനാൽ എല്ലാ സ്ഥലങ്ങളിലും കേബിൾ സ്ഥാപിക്കുക എന്ന ആശയം പ്രായോഗികമല്ല. കൂടംകുളം പദ്ധതിക്കായി സ്ഥലം നൽകിയവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ ഏഴായിരം കോടിരൂപയുടെ സാമ്പത്തിക ബാദ്ധ്യത ബോർഡിനുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. പ്രളയകാലത്ത് കൃത്യമായ മുന്നൊരുക്കങ്ങളും നടപടികളും സ്വീകരിച്ചതിനുശേഷം ഡാമുകൾ തുറന്നുവിട്ടുകൊണ്ടാണ് നാശനഷ്ടങ്ങളും മരണസംഖ്യയും കുറയ്ക്കാൻ സാധിച്ചത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥന 36-നെതിരെ 77 വോട്ടുകളോടെയും ഒരു നിഷ്പക്ഷ വോട്ടോടെയും വൈദ്യുത പദ്ധതികൾ എന്ന

XXXIX-ാം നമ്പർ ധനാഭ്യർത്ഥന 36-നെതിരെ 77 വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.30-ന് പിരിഞ്ഞു.